# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.862 20.03.2013-ൽ മറുപടിക്ക്**

**നെന്മാറ നിയോജക മണ്ഡലത്തിൽ കടിവെള്ള പദ്ധതി ആരംഭിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) നെന്മാറ മണ്ഡലത്തിലെ പോത്തുണ്ടി ഡാം സ്രോതസ്സായി നെന്മാറ, അയിലൂർ മേലാർകോട് പഞ്ചായത്തുകൾക്കായി കടി-വെള്ള പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | (എ) നെന്മാറ മണ്ഡലത്തിലെ പോത്തുണ്ടി ഡാം സ്രോതസ്സായി നെന്മാറ, അയിലൂർ മേലാർകോട് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കടിവെള്ള പദ്ധതി വിഭാവനം ചെയ്ത് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പദ്ധതിയുടെ ഘടകമായ ടാങ്കിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം ലഭ്യമാവാത്തതിനാലാണ് ഡി.ഇ.ആർ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത്. |
| (ബി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതിക്കായി സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടേയുള്ളൂ |
| (സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ സാധിക്കു-മെന്ന് വിശദമാക്കുമോ ? | (സി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിച്ച് ഭരണാനുമതി നൽകിയതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ